DWCD/793/2022-ICDSA1

I/68935/2022

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/793/2022-ICDSA1(1)

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 28-11-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ് - 2021-22 സാമ്പത്തിക വർഷത്തെ പ്രീ സ്കൂൾ കിറ്റ്, അങ്കണവാടി കണ്ടിജൻസി ഇനങ്ങളിലെ വാങ്ങൽ - സാമ്പത്തിക വർഷാവസാനം ബില്ല് ഇ-സബ്മിറ്റ് ചെയ്യുവാൻ സാധിക്കാത്ത കാര്യാലയങ്ങളിൽ നിന്നും ആവശ്യമായ തുകയുടെ വിശദാംശം ആവശ്യപ്പെടുന്നത് സംബന്ധിച്ച്.

സൂചന:- 1. ഈ കാര്യാലയത്തിലെ 10/01/2022 തീയതിയിലെ ICDS/A1/10047/21 നം. ഉത്തരവ്.
2. ഈ കാര്യാലയത്തിലെ 13/01/2022 തീയതിയിലെ ICDS/A1/7557/21 നം. ഉത്തരവ്.
3.മണ്ണാർക്കാട് ശിശുവികസന പദ്ധതി ഓഫീസറുടെ 8-6-2022 ലെ ICDS/MKD/1169/22 നമ്പർ കത്ത്.

2021-22 സാമ്പത്തിക വർഷം അങ്കണവാടികൾക്ക് പ്രീസ്കൂൾ കിറ്റ്, അങ്കണവാടി കണ്ടിജൻസി എന്നിവ വാങ്ങി നൽകുന്നതിന് ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അനുമതിയും ഫണ്ടും സൂചന (1),(2) പ്രകാരം നൽകി ഉത്തരവായിരുന്നു.

2021-22 സാമ്പത്തിക വർഷം അങ്കണവാടികൾക്കുള്ള പ്രീസ്കൂൾ കിറ്റ്, അങ്കണവാടി കണ്ടിജൻസി എന്നിവയുടെ വാങ്ങൽ നടപടികൾ പൂർത്തീകരിച്ചതായും സാമ്പത്തിക വർഷാവസാനം ബില്ല് ഇ-സബ്മിറ്റ് ചെയ്യുവാൻ സാധിക്കാത്തതു കാരണം തുക സറണ്ടർ ചെയ്തതായും ആകയാൽ സറണ്ടർ ചെയ്ത തുക നടപ്പുവർഷം അനുവദിക്കുവാനും മണ്ണാർക്കാട് ശിശുവികസന പദ്ധതി ഓഫീസർ സൂചന 3 പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സമാനസാഹചര്യം താങ്കളുടെ ജില്ലയിലെ പ്രോജക്ടുകളിൽ നിലനിൽക്കുന്നുവെങ്കിൽ പ്രസ്തുത

I/68935/2022

പ്രോജക്ടുകളിൽ നിന്നും ആവശ്യമായ തുകയുടെ വിവരം ശേഖരിച്ച് പ്രീസ്കൂൾ കിറ്റ്, കണ്ടിജൻസി എന്നിവയിൽ ഓരോന്നിനും ആകെ അനുവദിക്കേണ്ട തുകയുടെ വിവരം വേർതിരിച്ച് ക്രോഡീകരിച്ച് യഥാസമയം തുക ചെലവഴിക്കാതിരുന്നതിന് ശിശുവികസന പദ്ധതി ഓഫീസർമാരിൽ നിന്നുള്ള വിശദീകരണവും, തുക അനുവദിക്കുന്നതിന് പ്രോഗ്രാം ഓഫീസറുടെ ശിപാർശയും സഹിതം 7-12-2022 നകം ലഭ്യമാക്കേണ്ടതാണ്. തുക അനുവദിക്കുന്നതിന് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതുള്ളതിനാൽ സമയപരിധി കർശനമായും പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Sende

For വനിത ശിശു വികസന ഡയറക്ടർ

പകർപ്പ്

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും